<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനെട്ടാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2522 12.02.2020-ൽ മറുപടിക്ക്

## കട്ടുത്തുരുത്തി സഹകരണ റബ്ബർ മാർക്കറ്റിംഗ് & പ്രോസസിംഗ് സംഘത്തിലെ വിരമിച്ച ജീവനക്കാരുടെ ശമ്പളം

ചോദ്യം | മറുപടി

ശ്രീ.മോൻസ് ജോസഫ് | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കട്ടുത്തുരുത്തി സഹകരണ റബ്ബർ മാർക്കറ്റിംഗ് ആൻറ് പ്രോസസിംഗ് സംഘത്തിലെ വിരമിച്ച ജീവനക്കാരുടെ ശമ്പളം അനുവദിക്കണമെന്നു കാണിച്ച് നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ C/3275570/19, 3258605/2019 എന്നീ നമ്പർ ഫയലുകൾ മുഖേന സഹകരണ സംഘം രജിസ്ട്രാർക്കും സഹകരണ പെൻഷൻ ബോർഡിനും റിപ്പോർട്ടിനായി സമർപ്പിച്ചതിന് രജിസ്ട്രാറും ബോർഡും സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സി/3275770/19, 3258605/2019 എന്നീ നമ്പർ തപാലുകൾ പ്രകാരം സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡിന് നൽകിയിരുന്ന ഹർജികളിൽ കേരള കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് & പ്രോസസിംഗ് സൊസൈറ്റി സഹകരണ പെൻഷൻ പദ്ധതിയിൽ അംഗമല്ല എന്ന സർട്ടിഫിക്കറ്റ് നൽകുവാനാണ് അപേക്ഷിച്ചിരുന്നത്. സഹകരണ പെൻഷൻ ബോർഡ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ സർക്കാരിൽ ലഭ്യമാക്കിയ 02/07/2019-ലെ റിപ്പോർട്ട് പ്രകാരം 19/06/2006-ലെ ജി.ഒ.(എം.എസ്.)44/2006/എൽ.ബി.ആർ. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ മുഴുവൻ പ്രാഥമിക സഹകരണ സംഘങ്ങൾക്കും സഹകരണ പെൻഷൻ പദ്ധതിയിൽ ചേരുന്നതിനായി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിലെ പെൻഷൻ പദ്ധതിയിൽ തുടരുന്നതിൽ ഇളവ് നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഇളവനുവാദം പ്രാഥമിക സഹകരണ സംഘമായ കട്ടുത്തുരുത്തി സഹകരണ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സംഘത്തിനും ബാധകമാണ്. ആയതിനാൽ അംഗമാകാൻ |

| | | | |
|---|---|---|---|
| | | | അർഹതയില്ലെന്ന് അറിയിക്കുവാൻ കഴിയുന്നതല്ല. എന്നാൽ സംഘത്തിന്റെ അപേക്ഷ പെൻഷൻ ബോർഡിൽ ലഭിച്ചാൽ അപ്രകാരം സർട്ടിഫിക്കറ്റ് നൽകുന്നതാണ് എന്ന് സഹകരണ പെൻഷൻ ബോർഡ് സെക്രട്ടറി അറിയിച്ചതായി സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ 06/02/2020-ന് സഹ-സി2/87/2019-സഹ നമ്പർ കത്ത് പ്രകാരം താങ്കൾക്ക് മറുപടി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് ശമ്പളവും ആയതിന്റെ പലിശയും അനുവദിക്കണമെന്നുള്ള സഹകരണ ആർബിട്രേഷൻ ബോർഡ് വിധിയുടെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കേണ്ടത് സംഘം മാനേജിംഗ് ഡയറക്ടറും, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുമാണ്. സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറോ, സഹകരണ സംഘം രജിസ്ട്രാറോ ടി വിധിയിൽ കക്ഷികൾ അല്ലാത്തതാണ്. |
| (സി) | പ്രവർത്തന രഹിതമായ പ്രസ്തുത സ്ഥാപനത്തെക്കുറിച്ച് കോട്ടയം സഹകരണ ജോയിന്റ് രജിസ്ട്രാർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | കോട്ടയം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) 29/08/2019-ൽ സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയത് അനുബന്ധം ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

ഫയൽഅദാലത്ത്

നമ്പർ. എച്ച്.എം.4000/19

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)
ആഫീസ്, കളക്ട്രേറ്റ് പി.ഒ, കോട്ടയം-686002
ഇമെയിൽ : jrgktm.coop@kerala.gov.in
ഫോൺ : 0481- 2562069; തീയതി : 29.08.2019

OFFICE OF THE REGISTRAR OF CO-OPERATIVE SOCIETIES
05 SEP 2019
THIRUVANANTHAPURAM

ജോയിന്റ്രജിസ്ട്രാർ (ജനറൽ)
കോട്ടയം

സഹകരണസംഘംരജിസ്ട്രാർ
തിരുവനന്തപുരം

സർ,

വിഷയം : സഹകരണം-കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് & പ്രോസസിംഗ് സഹകരണ സംഘം- ക്രിമിനൽ ബ്രീച്ച് ഓഫ് ട്രസ്റ്റും പൊതുജനങ്ങളുടെ സ്വത്തുക്കൾ ദുരുപയോഗം ചെയ്യുന്നതും - പരാതിയിന്മേൽ മറുപടി സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന(1) : അങ്ങയുടെ ആഫീസിലെ 08.07.2019 ലെ എം.പി(1) 5801/19 നമ്പർ കത്ത്

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിൽ നിന്നും നിക്ഷേപത്തുക തിരികെ ലഭിക്കാത്തത് സംബന്ധിച്ചും സംഘത്തിലെ ക്രമക്കേട് സംബന്ധിച്ചും ശ്രീ. പി.എൽ തോമസ് മുതൽ പേർ ബഹു. വിജിലൻസ് ഡയറക്ടർക്ക് നൽകിയ പരാതിയിന്മേൽ മറുപടി സമർപ്പിക്കണമെന്ന് സൂചന പ്രകാരം നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ചുവടെപറയുന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

കേരള സഹകരണ നിയമ പ്രകാരം കൊല്ലവർഷം 10.02.1102 ൽ രജിസ്റ്റർ ചെയ്ത് 20.02.1102 ൽ പ്രവർത്തനം ആരംഭിച്ച കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘം ക്ലിപ്തം 1397 കോട്ടയം ജില്ല പ്രവർത്തന പരിധിയുള്ള ഒരു മാർക്കറ്റിംഗ് സഹകരണ സംഘമാണ്. സംഘത്തിന്റെ അംഗീകൃത ഓഹരി മൂലധനം 5 കോടി രൂപയാണ്. സംഘം അംഗങ്ങളായ കർഷകരിൽ നിന്നും റബ്ബർ പാലും ഷീറ്റും ഒട്ടുപാലും ശേഖരിച്ച് സംഘത്തിന്റെ ഫാക്ടറിയിൽ പ്രോസസ് ചെയ്ത് റബ്ബർ ഉത്പന്നങ്ങളായി വില്പന നടത്തുകയാണ് സംഘത്തിന്റെ പ്രധാന ലക്ഷ്യം. സംഘാംഗങ്ങളായ കർഷകർക്ക് അവരുടെ റബ്ബറിന് ന്യായമായ വില ലഭ്യമാകുകയും ഇടത്തട്ട്കാരുടെ ചൂഷണത്തിൽ നിന്നും മോചനം ലഭിക്കുകയും ചെയ്യുക എന്നതായിരുന്നു സംഘത്തിന്റെ ഉദ്ദേശ്യം.

സംഘത്തിലെ അവസാന തെരഞ്ഞെടുപ്പ് നടന്നത് 13.07.2014 ലാണ്. ടി ഭരണസമിതി 20.05.2015 വരെ തുടർന്നു. തുടർന്ന് സംഘം അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി ഭരണത്തിലായി. നിലവിൽ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. സംഘം പ്രവർത്തനത്തിൽ ഉണ്ടായ ഗുരുതരമായ സാമ്പത്തിക ക്രമക്കേട് സംഘത്തിലെ 2010-2011 ആഡിറ്റ് സ്പെഷ്യൽ റിപ്പോർട്ടിൽ കണ്ടെത്തിയിരുന്നു. ടി റിപ്പോർട്ടിനെ തുടർന്ന് കേരള സഹകരണ നിയമം വകുപ്പ് 66(2) പ്രകാരം അന്വേഷണം നടത്തേണ്ടതാണെന്ന് ബോദ്ധ്യപെട്ട സാഹചര്യത്തിൽ ഈ ആഫീസിലെ 22.07.2016 ലെ

എച്ച്.എം.2544/2012 നമ്പർ ഉത്തരവ് പ്രകാരം വൈക്കം അസിസ്റ്റന്റ് രജിസ്ട്രാറിനെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപെടുത്തിയിരുന്നു. ടി അന്വേഷണത്തിന്മേൽ 24.11.2017 ലെ 145/15 നമ്പരായി വൈക്കം അസിസ്റ്റന്റ് രജിസ്ട്രാർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി അന്വേഷണ റിപ്പോർട്ടിൽ

1. 2010-2011 ലെ ആഡിറ്റ് സ്പെഷ്യൽ റിപ്പോർട്ടിൽ പരാമർശിച്ച സംഘം മാനേജിംഗ് ഡയറക്ടർ ഇൻചാർജ്ജ് ശ്രീ. കെ.സി ജോർജ്ജിന്റെ അഡ്വാൻസ് തുകയായ 1,83,69,968 രൂപ ക്രമീകരിച്ച വകയിൽ വൗച്ചറുകളിൽ കൃത്രിമം നടത്തി 40,17,635 രൂപ അപഹരിച്ചു.
2. സംഘത്തിന്റെ സ്ഥലത്ത് നിന്നും പാറപൊട്ടിച്ച് വില്പന നടത്തിയ തുക സംഘം കണക്കിൽ വരവ് വെയ്ക്കാതെയും അധിക തുക ചെലവായതായി കാണിച്ചും കൃത്രിമം നടത്തി 1,62,02,132 രൂപ അപഹരിച്ചു.
3. എൻ.സി.ഡി.സി ധനസഹായത്തോടു കൂടി നിർമ്മിച്ച സെൻട്രിഫ്യൂഗ്ഡ് ലാറ്റക്സ് ഫാക്ടറിയുടെയും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളുടെയും കണക്കിൽ ക്രമക്കേടുകൾ നടത്തി 91,00,490 രൂപ അപഹരിച്ചു.
4. സംഘത്തിന്റെ റബ്ബർ പാൽ , ഷീറ്റ് , ഒട്ടുപാൽ എന്നിവയുടെ വാങ്ങലിലും വില്പനയിലു കൃത്രിമം നടത്തിയും വ്യാജമായ രേഖകൾ തയ്യാറാക്കിയും 2,48,18,590.57 രൂപ അപഹരണം നടത്തി.
5. പർച്ചേയ്സിനത്തിൽ ക്രമക്കേട് നടത്തി 2,07,38,579.70 രൂപ നഷ്ടം സംഭവിച്ചു.
6. റബ്ബർ ഉൽപ്പന്നങ്ങളുടെ വിൽപനയിൽ ക്രമക്കേട് നടത്തി 1,78,80,450 രൂപ അപഹരണ നടത്തി.

മേൽപറഞ്ഞ അപഹരണത്തിന് സംഘത്തിന്റെ ഫണ്ട് ദുർവിനിയോഗം ചെയ്തിട്ടുള ഇപ്രകാരമുള്ള ഫണ്ടിന്റെ ദുർവിനിയോഗവും സംഘത്തിന്റെ തകർച്ചയ്ക്ക് കാരണമായ സംഘത്തിന്റെ ഫണ്ട് ദുർവിനിയോഗം ചെയ്ത വകയിൽ 30,26,55,200.38 രൂപയുടെ നഷ് ഉണ്ടായിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 65 അന്വേഷണറിപ്പോർട്ടിൽ പണാപഹരണം നടത്തി വകയിൽ 9,27,57,877.27 രൂപയും ഫണ്ട് ദുർവിനിയോഗം ചെയ്ത വകയിൽ 30,26,55,200. രൂപയും ഉൾപ്പെടെ ആകെ 39,54,13,077.65 രൂപയുടെ നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. തുക 2009-2010 മുതൽ 2013-2014 വരെയുണ്ടായിരുന്ന ഭരണസമിതിഅംഗങ്ങൾ, മാനേജിം ഡയറക്ടർമാർ എന്നിവരുടെ ക്രമവിരുദ്ധ നടപടികളും തീരുമാനങ്ങളും മൂലമാണ് സംഘത്തിന് വ സാമ്പത്തിക നഷ്ടം ഉണ്ടായതും സംഘത്തിന്റെ പതനത്തിന് കാരണമായതായ കണ്ടെത്തിയിരുന്നു.

സഹകരണ നിയമം വകുപ്പ് 65 അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തി നഷ്ടോത്തരവാദികളെ കണ്ടെത്തുന്നതിനും നഷ്ടത്തുക എത്രയെന്ന് തിട്ടപെടുത്തുന്നതിന ~~സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിനുമായി~~ കേരള സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടത്തുന്നതിനായി സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടത്തുന്നതിനായി ആഫീസിലെ 20.01.2018 ലെ എച്ച്.എം. 2544/2012 നമ്പർ പ്രകാരം വൈക്കം അസിസ്റ്റന്റ് രജിസ്ട്ര (ജനറൽ) നെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുള്ളതാണ്. ടി അന്വേഷണത്തിന്റെ ഭാഗമാ

സംഘം മാനേജിംഗ് ഡയറക്ടർമാരായിരുന്ന ശ്രീ. തോമസ് എം.കെ, ശ്രീ. മുരളീധരൻ എസ് എന്നിവർക്ക് അന്വേഷണ ഉദ്യോഗസ്ഥ നോട്ടീസ് നൽകിയതിനെതിരെ ടിയാളുകൾ ബഹു. ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യുകയും 30.05.2018 ൽ WP(C) 16772/2018 നമ്പരായി വിധി ലഭ്യമാകുകയും ചെയ്തിരുന്നു. ടി വിധിയിൽ സഹകരണ നിയമം വകുപ്പ് 66(2) അന്വേഷണ റിപ്പോർട്ടിനെതിരെ പരാതിക്കാർക്ക് ബഹു. ഗവൺമെന്റിൽ വകുപ്പ് 83(ജെ) പ്രകാരം അപ്പീൽ ഫയൽ ചെയ്യാവുന്നതും അതുവരെ അന്വേഷണം നടപടികൾ നിർത്തി വയ്ക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

ബഹു.ഗവൺമെന്റിൽ ശ്രീ. തോമസ് എം.കെ, ശ്രീ. മുരളീധരൻ എസ് എന്നിവർ 12.06.2018 ൽ സഹകരണ നിയമം വകുപ്പ് 66(2) അന്വേഷണ റിപ്പോർട്ടിനെതിരെ അപ്പീൽ ഫയൽ ചെയ്യുകയും ടി അപ്പീലിൽ വിവിധ തീയതികളിൽ ബഹു. സഹകരണ വകുപ്പ് അണ്ടർ സെക്രട്ടറി മുമ്പാകെ നേർകാഴ്ച നടത്തുകയും പരാതിക്കാരുടെ ആക്ഷേപം പരിശോധിക്കുകയും സഹകരണ നിയമം വകുപ്പ് 66(2) അന്വേഷണ റിപ്പോർട്ട് പരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹു.സർക്കാരിന്റെ 20.06.2019 ലെ സ.ഉ(സാധാ)394/2019/സഹ.നമ്പർ ഉത്തരവ് പ്രകാരം അപ്പീൽ നിരസിച്ച് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിൽ "സംഘത്തിലെ മാനേജിംഗ് ഡയറക്ടർമാരായിരുന്ന ശ്രീ. തോമസ് എം.കെ, ശ്രീ മുരളീധരൻ എസ് എന്നിവർ അവരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും കൃത്യമായി നിർവ്വഹിച്ചിട്ടില്ല എന്ന കാര്യം സംഘത്തിൽ നടന്ന അഴിമതിയിലേക്കും തുടർന്ന് സംഘത്തിനുണ്ടായ ഭീമമായ നഷ്ടത്തിനും ഇടയായി എന്നുള്ളത് തള്ളികളയാനാവാത്ത് വസ്തുതയാണെന്ന് ബോദ്ധ്യപ്പെട്ട് കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘത്തിൽ നടന്ന ക്രമക്കേടുകളും അഴിമതിയും കണ്ടെത്തുന്നതിനും വകുപ്പ് 66(2) പ്രകാരമുള്ള അന്വേഷണത്തിലെ നഷ്ടത്തിന് ഉത്തരവാദികളെ കണ്ടെത്തുന്നതിന് വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണം തുടർന്ന് പോകേണ്ടത് ആവശ്യമാകയാൽ ഇക്കാര്യത്തിൽ അനുമതി നൽകിക്കൊണ്ടും സർക്കാരിൽ സമർപ്പിച്ച അപ്പീലപേക്ഷകൾ നിരസിച്ചും ഉത്തരവാകുന്നു." ബഹു.സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പ് 68(1) അന്വേഷണം തുടർന്നു വരുന്നു.

സംഘത്തിന്റെ കടുത്ത സാമ്പത്തിക ബാദ്ധ്യത തീർക്കുന്നതിനായി സംഘത്തിന്റെ ഉടമസ്ഥതിയിലുള്ള 891.936 സെന്റ് വസ്തുവും അതിൽ സ്ഥിതി ചെയ്യുന്ന ഫാക്ടറിയും കെട്ടിടങ്ങളും സാധനസാമഗ്രികളും നിയമാനുസൃതം വില്പന നടത്തുന്നതിന് സംഘം സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷയിൽ അനുകൂല നടപടിക്കായി സംഘം പ്രസിഡന്റ് ബഹു.ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്യുകയും ടി റിട്ടിന്മേൽ 20.07.2015 ൽ WP(C) 29112/2014 നമ്പരായി വിധി സമ്പാദിക്കുകയും ചെയ്തിരുന്നു. ടി വിധിയിൽ സംഘത്തിന്റെ വസ്തുവിൽപ്പനയിൽ തീരുമാനമെടുക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹു.സർക്കാരിന്റെ 02.05.2016 ലെ സഹ/സി2/153/2016/സഹ. നമ്പർ കത്ത് പ്രകാരം ബഹു. സഹകരണ സംഘം രജിസ്ട്രാർക്ക് സംഘത്തിന്റെ വസ്തുവിൽപ്പനയ്ക്ക് അനുമതി നല്കിയിരുന്നു. ടി കത്തിന്റെ അടിസ്ഥാനത്തിൽ ബഹു. സഹകരണ സംഘം രജിസ്ട്രാരുടെ 26.05.2016,13.07.2016 എന്നീ തീയ്യതികളിൽ എം.പി(4) 3869/2016 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ടി ഉത്തരവിൽ കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള 891.936 സെന്റ് വസ്തുവും അതിൽ സ്ഥിതി ചെയ്യുന്ന ഫാക്ടറിയും കെട്ടിടങ്ങളും സാധനസാമഗ്രികളും നിയമാനുസൃതം വാല്യുവേഷൻ നടത്തി വില്പന നടത്തുന്നതിന് കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറായും കോട്ടയം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) , അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) വൈക്കം, അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)വൈക്കം, വൈക്കം എ.ഡി.ബി വാല്യുവേഷൻ ആഫീസർ, സംഘം അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയംഗങ്ങൾ,റബ്ബർ ബോർഡ് പ്രതിനിധി എന്നിവർ അംഗങ്ങളായുള്ള ഒരു വിൽപന സമിതി രൂപികരിച്ച് വില്പന നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ തീയതികളിൽ സമിതിയോഗം ചേർന്നിട്ടുള്ളതും സംഘത്തിന്റെ ഫാക്ടറി മെഷിനറികളുടെ വാല്യുവേഷൻ റബ്ബർ ബോർഡ് പ്രതിനിധിയിൽ നിന്നും 20.03.2017 ലും വസ്തുവകകളുടെ നിയമാനുസൃത വാല്യുവേഷൻ 12.02.2018 ൽ വൈക്കം തഹസിൽദാരിൽ നിന്നും കെട്ടിടങ്ങളുടെ വാല്യുവേഷൻ പൊതുമരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും 26.09.2018 ലും ലഭ്യമായിരുന്നു.

സംഘത്തിന്റെ വസ്തുവിൽപനയുമായി ബന്ധപെട്ട് സംഘത്തിലെ നിക്ഷേപകനായ ശ്രീ. ജോസ് പി.ജെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 4921/2017 ലെ 27.03.2017 ലെ വിധിയിൽ സംഘത്തിന്റെ ആകെ ബാധ്യത തിട്ടപെടുത്തി ടി ബാധ്യത തീർപാക്കുന്നതിന് സംഘത്തിന്റെ വസ്തു വില്പന നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. സംഘത്തിന്റെ 2013-2014 വർഷത്തെ ആഡിറ്റ് പൂർത്തിയായതും 2014-2015 ആഡിറ്റ് നടന്നു വരികയും ചെയ്യുന്നു. ബഹു. ഹൈക്കോടതിയുടെ 27.03.2017 ലെ WP(C) 4921/2017 നമ്പർ വിധി സമയബന്ധിതമായി നടപാക്കാത്തതിനാൽ ശ്രീ. ജോസ് പി.ജെ ബഹു. ഹൈക്കോടതിയിൽ കോടതിയലക്ഷ്യകേസ് ഫയൽ ചെയ്തിരുന്നു. ബഹു. ഹൈക്കോടതിയുടെ 19.04.2019 ലെ Contempt Case 2231/2017 നമ്പർ ഉത്തരവിൽ സംഘത്തിന്റെ വസ്തുവിൽപനയ്ക്കുള്ള പരസ്യം ബഹു.സർക്കാരിന്റെ അനുമതിക്കുവിധേയമായി Electronic Media മുഖാന്തരം നൽകി വിൽപന നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ E-tender മുഖാന്തരം വില്പനയ്ക്ക് പരസ്യം 06.07.2019 ൽ പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും ഒരാളുപോലും ടെൻഡർ സ്വീകരിച്ചില്ലാത്തതാണ്. ടി വിവരം ബഹു.കോടതിയെ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്.

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘത്തിൽ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിച്ചു വരുന്നതാണെന്ന വിവരം വിനയപൂർവ്വം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

അങ്ങയുടെ വിശ്വസ്തൻ

ജോയിന്റ് രജിസ്ട്രാർ (ജനറൽ)
കോട്ടയം

JRGKTM/290/2020-E

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)
ആഫീസ്, കോട്ടയം. തീയതി: 04.02.2020
ഇ-മെയിൽ:jrgktm.coop@kerala.gov.in
ഫോൺ - 0481 - 2562069.

ജോയിന്റ് രജിസ്ട്രാർ (ജനറൽ),
കോട്ടയം.

സഹകരണ സംഘം രജിസ്ട്രാർ
തിരുവനന്തപുരം

സർ,

വിഷയം :- നിയമസഭ ചോദ്യം 2522 – മറുപടി സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :- അങ്ങയുടെ ആഫീസിലെ 04.02.2020 ലെ ഇ.എം (5) 1086/2020 നമ്പർ മേലെഴുത്ത് കത്ത്

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു . സൂചന പ്രകാരം ലഭ്യമായ 2522 നമ്പർ നിയമസഭ ചോദ്യത്തിന്റെ ബി ,സി പിരിവിനുള്ള മറുപടി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയവ ചുവടെ ചേർക്കുന്നു

ബി) ബഹു. സഹകരണ ആർബിട്രേഷൻ ബോർഡിന്റെ വിധി പ്രസ്തുത ആഫീസിൽ നിന്നും ലഭിച്ചിട്ടില്ലാത്തതാണ്. എന്നാൽ ടി വിധിയുടെ പകർപ്പ് കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിലെ മുൻ ജീവനക്കാരായ ശ്രീ. ഇ.എ.കരുണും ശ്രീ. പി.കെ.സാബുവും ചേർന്ന് 06.01.2020 ൽ ഈ ആഫീസിൽ സമർപ്പിച്ച അപേക്ഷയോടൊപ്പം ലഭ്യമായിട്ടുള്ളതാണ്. ടി വിധിയിൽ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറോ, സഹകരണ സംഘം രജിസ്ട്രാറോ കക്ഷികൾ അല്ലാത്തതാണ്. സംഘം മാനേജിംഗ് ഡയറക്ടർക്കും അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിക്കുമാണ് ആർബിട്രേഷൻ കോടതിയുടെ വിധിനിർദ്ദേശം ഉള്ളത്.

സി) കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘവുമായി ബന്ധപ്പെട്ട് നിരവധി റിപ്പോർട്ടുകൾ ബഹു.സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ഇതിൽ സംഘത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് ഏറ്റവും അവസാനം സമർപ്പിച്ച 29.08.2019 ലെ എച്ച് .എം.4000/19 നമ്പർ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.
കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘം ക്ലിപ്തം 1397 ൽ അവസാന തെരെഞ്ഞെടുപ്പ് 13.07.2014 ലാണ് നടന്നിട്ടുള്ളത്. ടി ഭരണസമിതി 20.05.2015 വരെ തുടർന്നു. തുടർന്ന് സംഘം അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി ഭരണത്തിലായി. നിലവിൽ സംഘം അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലാണ്. സംഘത്തിന്റെ പ്രവർത്തനം നിർജ്ജീവമാണ്. സംഘം

പ്രവർത്തനത്തിൽ ഉണ്ടായ ഗുരുതരമായ സാമ്പത്തിക ക്രമക്കേട് സംഘത്തിലെ 2010-2011 ആഡിറ്റ് സ്പെഷ്യൽ റിപ്പോർട്ടിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 66(2) പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതുമാണ്. ടി റിപ്പോർട്ടിൽ 39.54 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി പറഞ്ഞിട്ടുണ്ട്. ടി അന്വേഷണ റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി കേരള സഹകരണ നിയമം വകുപ്പ് 68(1) അന്വേഷണം ന ടത്തുന്നതിന് വൈക്കം അസിസ്റ്റന്റ് രജിസ്ട്രാരിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും അന്വേഷണം തുടർന്നുവരുന്നതുമാണ്.

കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘം ക്ലിപ്തം 1397 ന്റെ ബാദ്ധ്യത ടി സംഘത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകൾ വിൽപ്പന നടത്തി തീർക്കണമെന്ന് ബഹു. കേരള ഹൈക്കോടതിയുടെ 20.07.2015 ലെ WP(C)29112/14 നമ്പർ പ്രകാരം വിധിയായിട്ടുള്ളതാണ്. ടി വിധിയുടെ അടിസ്ഥാനത്തിൽ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള 891.936 സെന്റ് സ്ഥലവും അതിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളും ഫാക്ടറിയും വാല്യുവേഷൻ നടത്തി വിൽപ്പന നടത്തുന്നതിന് ബഹു. സഹകരണ സംഘം രജിസ്ട്രാരുടെ 26.05.2016, 13.07.2016 എന്നീ തീയതികളിലെ എം.പി(4) 3869/16 നമ്പർ ഉത്തരവുകൾ പ്രകാരം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഉൾപ്പെടെ ഒരു വിൽപ്പന സമിതി രൂപീകരിച്ചിട്ടുള്ളതാണ്. ടി വിൽപ്പന സമിതിയിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറും കോട്ടയം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) വൈക്കം, അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) വൈക്കം, വൈക്കം പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്ക് വാല്യുവേഷൻ ആഫീസർ, സംഘം അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി അംഗങ്ങൾ , റബ്ബർ ബോർഡ് പ്രതിനിധി എന്നിവർ അംഗങ്ങളുമാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിൽപ്പന സമിതി രൂപീകരിച്ച് വിൽപ്പന നടപടികൾ സ്വീകരിച്ചുവരുന്നതാണ്.

ബഹു. കേരള ഹൈക്കോടതിയുടെ 27.03.2017 ലെ WP(C)4921/2017 നമ്പർവിധിയിൽ സംഘത്തിന്റെ ആകെ ബാദ്ധ്യത തിട്ടപ്പെടുത്തണമെന്ന് നിർദ്ദേശം ഉള്ളതാണ്. സംഘത്തിന്റെ ആഡിറ്റ് 2013-2014 വരെ പൂർത്തിയായിട്ടുള്ളൂ. സംഘത്തിന്റെ വസ്തുവിൽപ്പന നടപടിയുടെ ഭാഗമായി ബഹു. കോടതിയുടെ 19.03.2019 ലെ Con.Case(C)2231/2017 വിധി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംഘത്തിന്റെ വസ്തുവിൽപ്പന ഇ-ടെൻഡർ മുഖാന്തരം നടത്തിയിട്ടുള്ളതാണ്. എന്നാൽ യാതൊരാളും ടെൻഡറിൽ പങ്കെടുത്തിട്ടില്ലാത്തതാണ്.

അങ്ങയുടെ വിശ്വസ്തൻ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)
കോട്ടയം-നുവേണ്ടി

സെക്ഷൻ ഓഫീസർ